# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യാന്ന പ്രമദിതവ്യം

PEOPLE REVIEW

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2026 ജനുവരി 30 വെള്ളി

ptnizar@rediffmail.com

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971, 9400919971 P.B. NO. 15 വില: 2 രൂപ










## സാമൂതിരിരാജ വക

# ശ്രീവളയനാട് ദേവീക്ഷേത്ര മഹോത്സവം

### ഫെബ്രുവരി 05 വ്യാഴാഴ്ച വരെ



ശ്രീ വളയനാട് ഭഗവതി

ശ്രീവളയനാട് ദേവിക്ഷേത്രം ദേശാതിർത്തികൾ കടന്നെത്തുന്ന ഭക്തരുടെ ആരാധന കേന്ദ്രമാണ്. ചിരപുരാതനമായ ഈ ക്ഷേത്രത്തിന്റെ മഹാത്മ്യം പ്രശസ്തമാണ് സാമൂതിരി കുടുംബത്തിന്റെ പരദേവത യാണ് വളയനാട്ടമ്മ. ആയിരക്കണക്കിന് ഭക്തരാണ് അഭിഷ്ട സിദ്ധിക്കായി ക്ഷേത്ര സന്നിധിയിലെത്തുന്നത്. ഈ വർഷത്തെ ക്ഷേത്രോത്സവം വൈവിധ്യമാർന്ന പരിപാടികളോടെയാണ് നടത്തുന്നത്. ജനുവരി 23 മുതൽ ഫെബ്രുവരി 5വരെയാണ് ഉത്സവപരിപാടികൾ







Authorised Dealer:


**PMH MOTORS**

Pulikkal Building, Meenchanda Bypass Road, Thiruvannur PO-Calicut-673029

Helpline: Sales: 9526 04 04 04, Service: 9526 05 05 05 E-mail: info@pmhmotors.com

Hotline:

9562 911 522




**മഹാമഹിമ സാമൂതിരിരാജ**
ശ്രീ പികെ കേരള വർമ്മ
(ക്ഷേത്ര മാനേജിങ് ട്രസ്റ്റി)

**ബ്രഹ്മശ്രീ.ചേന്നാസ്**
ശങ്കരനാരായണൻ നമ്പൂതിരിപ്പാട്
(ക്ഷേത്രം തന്ത്രി)

**എക്സിക്യൂട്ടീവ് ഓഫിസർ/ ട്രഷറർ**


**രക്ഷാധികാരികൾ**


സുനിൽ.കെ
94460888050


എൻ കേശവൻ മൂസ്സത്



കുഞ്ഞിനാരായണൻ മൂസ്സത്

## ശ്രീവളയനാട് ദേവീ ക്ഷേത്ര മഹോത്സവം 2026 ഭാരവാഹികൾ

പ്രസിഡണ്ട്

കെ രാധാകൃഷ്ണൻ

സെക്രട്ടറി

ആനന്ദ് എംവി

വൈസ് പ്രസിഡണ്ട്

അരുൺകുമാർ.പി

വൈസ് പ്രസിഡണ്ട്

തിലോത്തമ വി.പി.

ജോ.സെക്രട്ടറി

മണികണ്ഠൻ ടി.എം

ജോ.സെക്രട്ടറി

ദേവ എസ് മേനോൻ

കിഴക്കേനടയിൽ നിന്ന് പടിഞ്ഞാറോട്ട് നോക്കിയാൽ ചെറിയ കുന്നിൻ മുകളിലായി വളയനാട്ടമ്മ വാണരുളുന്ന ക്ഷേത്രം കാണാം. 28 ഓളം പടികൾ കയറിയാൽ കിഴക്കേ നടയിലെ ഗോപുര ദ്വാരത്തിലെത്താം. വിശാലമായ ക്ഷേത്ര മതിൽക്കെട്ടി നകത്ത് കിഴക്കേ ഗോപുരത്തിലൂടെ പ്രവേശിച്ചാൽ ദേവിയുടെ ശ്രീകോവിലിന് പുറത്ത് കിഴക്കോട്ട് ദർ ശനമായ ശിവലിംഗ പ്രതിഷ്ഠയാണ്. വടക്കേ ഗോപുര വാതിലിൽക്കൂടി അകത്ത് കടന്നാൽ വളയനാട് ദേവിയുടെ ദർശന സൗഭാഗ്യമാണ് ആദ്യം ലഭിക്കുക.


അമ്മയ്ക്ക് പ്രണാമങ്ങളോടെ...

FRESH CUT
Organic Products Pvt.Ltd
Thamarassery, Kozhikode

ആചാര സംരക്ഷണത്തിന്റെ പോരാളികൾ
സനാതനധർമ്മത്തിന്റെ കാവൽ ഭടന്മാർ



ഹനുമാൻ സേന (ഭാരത്)
Reg. No. 64/2013
തളി റോഡ്, പുതിയപാലം, ഫോൺ: 9961332020


# സിന്ദൂര തിലകാഞ്ചിത..

ഒരുദേശത്തിന്റെ ജനതയുടെ ഹൃദയ കമലത്തിൽ കരുണാമയിയായി, അഭീഷ്ട വരദായിനിയായി ആദിപരാശക്തിയായി ശ്രീ വളയനാട് ദേവി കുടികൊള്ളുന്നു. പ്രാർത്ഥനകളെല്ലാം ജ്ഞാനത്തിന്റെ വിലാപങ്ങൾ. ഒരു തണലായി, താങ്ങായി ഈശ്വരീയശക്തി നമുക്കൊപ്പം സഞ്ചരിക്കുവെന്നു തിരിച്ചറിയുന്നത് ഒരുതണൽ മരമായ് പൂത്തുനിൽക്കുന്ന ദേവിയുടെ സന്നിധിയിൽ എത്തുമ്പോഴാണ്. ദേവി ഓരോരുത്തരേയും സ്പർശിക്കുന്നകാറ്റിന്റെ തലോടലാവുന്നു. ബോധോദയത്തിലേക്ക് നയിക്കുന്നു. രാവുകറുത്താലും രാവിന്റെയുള്ളിൽ ഒളിഞ്ഞിരിക്കുന്ന ഒരു സൂര്യതേജസ്സായി എന്നും ദേവി.


### ഉത്സവകാല സമ്പ്രദായങ്ങൾ, ആചാരങ്ങൾ, രീതികൾ

ആദ്യമേ പറയട്ടെ ശ്രീവളയനാടുകാവ് കേരളത്തിലെ 13 ശാക്തേയക്കാവുകളിൽ പ്രാധാന്യമർഹിക്കുന്നു. ഇവിടെ ഉത്സവ നാളുകളിൽ ഉത്തമപൂജാ സമ്പ്രദായങ്ങൾ ബ്രാഹ്മണരുടെ പൂജാവിധാനങ്ങളും, മറ്റു ദിവസങ്ങളിൽ മധ്യമപൂജാക്രമവുമാണ്. അതുപാരമ്പര്യമായി കൽപ്പിക്കപ്പെട്ട മൂസ്സത് കുടുംബങ്ങളാണ് ചെയ്തുവരുന്നത്. ഉത്സവകാലങ്ങളിൽ ശീവേലി വിഗ്രഹം വട്ടോളി ഇല്ലക്ഷേത്രത്തിൽ എഴുന്നള്ളിക്കുകയും ഉത്തമപൂജാക്രമത്തിനുവേണ്ടി ദേവീചൈതന്യമുള്ള നാന്ദകം തളിക്ഷേത്രത്തിൽ നിന്നുഎഴുന്നള്ളിച്ചുകൊണ്ടുവന്നു ഗർഭഗൃഹത്തിലെ സാക്ഷാൽ ദേവിയുടെ ഗോപ്യമായി പ്രതിഷ്ഠിക്കപ്പെട്ട തിരുവളയുടെ മുൻഭാഗത്തുള്ള ശ്രീചക്രത്തിനുമുകളിൽ വയ്ക്കുകയും പൂജാകർമ്മങ്ങൾ നടത്തുകയും ഉത്സവത്തിനും ശീവേലിക്കും പള്ളിവേട്ടയ്ക്കും എഴുന്നള്ളിക്കുകയും ചെയ്തു വരുന്നു. ഉത്സവം കഴിഞ്ഞാൽ തിരികെയെത്തി മധ്യമ പൂജാ സമ്പ്രദായങ്ങൾ തുടങ്ങുകയും ചെയ്യുന്നു. കാലദേശവ്യത്യാസമില്ലാതെ അമ്മയുടെ കൃപാകടാക്ഷം ജനസഹസ്രങ്ങളിലേക്ക് പ്രവഹിച്ച് കാലാതിവർത്തിയായി. സർവ്വവുമീനടയിൽ ഏകമായി ലയിക്കും തിരുമധുരമകതാരിൽ തൂകു മാറാകട്ടെ...



**രാജീവ് മാരാർ**
**വളയനാട് ക്ഷേത്രം**


# Dr. Sreelekha's
Homoeopathic Clinic



GENERAL MEDICINE
INFERTILITY TREATMENT
PHYSIOTHERAPY
EYE &VISION TESTING (Fridays Only)
BEAUTY CLINIC
(COSMETOLOGY & DERMATOLOGY)
BASIC FACIAL , MEDICATED FACIAL, BASIC HAIR SPA
MEDICATED SPA FOR HAIR FALL, DANDRUFF & OTHER SCALP CONDITIONS
FACIALS & SPA FOR LADIES & KIDS

Dr. Sreelekha Sunil MD (Hom)
Former DMO, Govt. Homoeopathy Dept

CONSULTING TIME
രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെ
വൈകുന്നേരം 4 മണി മുതൽ 7 മണി വരെ , ഞായർ അവധി

For booking :
Mob: 8089445032






THACHOLI
FIRE WORKS
VALLIKUNNU NORTH P.O.
ANAYARANGADI, MALAPPURAM
PH : 9744717718














# കാര്യപരിപാടി

28-01-2026 ഭഗവതിക്ക്
**ബ്രഹ്മകലശം**
വൈകീട്ട് 5 മണി അവകാശികളും, ഭക്തജനങ്ങളും കൊടി സമർപ്പിക്കുന്നു
രാത്രി 7.45ന് കൊടിയേറ്റം
രാത്രി 8 മണി
സാംസ്കാരിക സമ്മേളനം

01-02-2026
കലാപരിപാടികൾ
**ഓട്ടൻതുള്ളൽ**
02-02-2026
കലാപരിപാടികൾ
**മെഗാ ഗാനമേള**

03-02-2026 ചൊവ്വ
**പള്ളിവേട്ട**
വൈകീട്ട്
3 മണിക്ക് ശേഷം
അവകാശികൾ
കുട, വാൾ
സമർപ്പിക്കുന്നു

04-02-2026 ബുധൻ
**ആറാട്ട്**

05-02-2026 വ്യാഴം
ദീപാരാധനയ്ക്കുശേഷം
തളി ക്ഷേത്രത്തിലേക്ക്
നാന്തകം തിരിച്ചെഴുന്നള്ളിപ്പ്

# വളയനാട് ദേവീ ക്ഷേത്ര ചരിത്രത്തിലൂടെ...

വളയനാട് ദേവീക്ഷേത്രം തിരുവളയനാട് ഭഗവതി ക്ഷേത്രം എന്നും അറിയപ്പെടുന്നു. ഇപ്പോഴും പഴമക്കാർ ഇങ്ങനെ വിളിക്കുന്നു. ക്ഷേത്രവിജ്ഞാനകോശത്തിൽ ഇതേപ്പറ്റി പറയുന്നു. ഇവിടുത്തെ പ്രധാന മൂർത്തി സപ്തമാതൃക്കളോട് കൂടിയ ഭദ്ര കാളിയാണ്. ശ്രീചക്ര പ്രതിഷ്ഠ. ആഴ്ചവട്ടത്തെ തറക്കൽ ഭഗവതിയാണ് ഇതിന്റെ മൂല സ്ഥാനമെന്നും പക്ഷമുണ്ട്. ഐശ്വര്യം കാംക്ഷിച്ച് ശാക്തേയപൂജ സമ്പ്രദായത്തിലുള്ള ഭദ്രകാളിയെ പ്രതിഷ്ഠിച്ച് പണിതീർത്ത ക്ഷേത്രമാണെന്നും ഇതിൽ പറയുന്നു.

മകരമാസത്തിലെ കാർത്തിക നാളിൽ കൊടിയേറുന്ന ഉത്സലകാലത്ത് നമ്പൂതിരി പൂജയാണ്. ഈ സമയത്ത് ഭദ്രകാളിയെ വട്ടോളി മൂസ്സതിന്റെ ഇല്ലത്തേക്ക് കൊണ്ടുപോകും. പകരം തളിയിലെ ഭഗവതിയെ നാന്ദകം വാളിൽ എഴുന്നള്ളിച്ച് കൊണ്ടു വന്ന് ഇവിടെയിരുത്തിയാണ് ഉത്സവം. സാമൂതിരി വടക്കെ ഗോപുരത്തിലൂടെ പ്രവേശിച്ചാണ് ദർശനം നടത്തുക. സാമൂതിരിരാജ വക ദേവസ്വങ്ങളിലൊന്നാണ് വളയാനാട് ദേവസ്വം. ശ്രീ തിരു വളയനാട് ഭഗവതി ക്ഷേത്രം, ശ്രീ തേവരമ്പലം, ശ്രീ തളിക്കുന്ന് ശിവക്ഷേത്രം, കോരങ്ങോട്ട്, പാർത്ഥസാരഥി, ഒടുമ്പ്ര ഭഗവതി ക്ഷേത്രങ്ങൾ എന്നിവയും ഇതിൽ ഉൾപ്പെടും. തളിക്ഷേത്രമതിലകത്ത് ശ്രീകൃഷ്ണ ക്ഷേത്രനാലമ്പലത്തിന കത്ത് ശ്രീ തിരുവളയനാട് അമ്മയുടെ പള്ളിവാൾ വെച്ച് ആരാധിക്കുന്നു. വള്ളുവക്കോനാതിരിയും സാമൂതിരിയും തമ്മിലുള്ള അധികാരമത്സരത്തിൽ സാമൂതിരി പരാജയപ്പെട്ടു.

വള്ളുവക്കോനാതിരിയുടെ ഉപാസനാമൂർത്തിയായ തിരുമാന്ധാംകുന്ന് ഭഗവതിയുടെ ഉപാസനാബലം കൊണ്ടാണ് തന്നെ പരാജയപ്പെടുത്തിയതെന്ന് മനസിലാക്കിയ സാമൂതിരി തിരുമാന്ധാകുന്ന് ഭഗവതിയെ തപസ് ചെയ്ത് പ്രത്യക്ഷപ്പെടുത്തി തന്റെ നാട്ടിലേക്ക് കൂട്ടികൊണ്ടുവന്നു. കൂടെപ്പോരുമ്പോൾ ഭഗവതി സാമൂതിരി രാജാവിനോട് പറഞ്ഞു, എപ്പോൾ നിങ്ങൾ തിരി ഞ്ഞുനോക്കുന്നുവോ അപ്പോൾ ഞാൻ തിരിച്ചു പോകും. കുറച്ച് ദൂരം പിന്നിട്ടപ്പോൾ കാൽച്ചില മ്പിന്റെ ശബ്ദം കേൾക്കാതായപ്പോൾ രാജാവ് തിരിഞ്ഞുനോക്കി. ഉടൻ ദേവി തന്റെ കയ്യിൽ കിടന്ന തിരുവള ഊരി എറിഞ്ഞ് തന്റെ സാന്നിധ്യം വള വീണ സ്ഥലത്തുണ്ടാകുമെന്ന് പറഞ്ഞ് അപ്രത്യക്ഷയായി.

ആ വള ഒരാഴ്ചവട്ടക്കാലം കറങ്ങി – ഇപ്പോൾ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പതിച്ചു. തിരുവള ഒരാഴ്ചക്കാലം കറങ്ങിയതിനാൽ ആ പ്രദേശത്തിന് ആഴ്ചവട്ടമെന്നും തിരുവള വീണ സ്ഥലത്തിന് തിരുവളയനാട് എന്നും അറിയപ്പെട്ടു. അന്നു തൊട്ട് സാമൂതിരിയുടെ ഉപാസനാ ദേവതയാണ് ശ്രീ വളയനാട് ഭഗവതി. ഓരോ മാമാങ്കത്തിന് പോകുമ്പോഴും തിരുവളയനാട്ടമ്മയ്ക്ക് – ബലി കൊടുത്തിട്ടാണ് സാമൂതിരി രാജാവ് പോയി രുന്നത്. സാമൂതിരി സ്വരൂപത്തിൽ ഒരു കുട്ടി ജനി ച്ചാൽ ദേവിയുടെ സന്നിധാനത്തിൽ നിലംമെഴുകി കിടത്തിയശേഷം ഒരു പോറ്റുകാരനായി കുഞ്ഞി നെ സ്വീകരിക്കുന്ന ചടങ്ങ് ഉണ്ട്. പാരമ്പര്യ അവകാശികൾ മുൻകാലങ്ങളിൽ നടത്തി വന്നിരു ന്ന ചവലക്കുത്ത് 2019 മുതൽ പുനരാരംഭിച്ചു. ഉത്സ വകാലങ്ങളിൽ രാത്രി വിളക്ക് എഴുന്നള്ളത്ത് കഴിഞ്ഞതിനുശേഷം ദേവിയെ ശ്രീകോവിലിൽ എഴുന്നള്ളിച്ച് നട അടച്ചതിന് ശേഷമാണ് ഈ ചടങ്ങ് നടത്താറുള്ളത്.



## ക്ഷേത്ര ജീവനക്കാർ






RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.